## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി കുമാർ,ഐ.എ.എസ്)

വിഷയം:- വനിതാ ശിശു വികസന വകുപ്പ് –ജീവനക്കാര്യം-ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) ജി.ഒ. (എംഎസ് ) 06/2021/സാനീവ തിയതി 15/02/2021

2) വനിത ശിശുവികസന ഡയറക്ടറുടെ 04/09/2021 തിയതിയിലെ WCD/E8/16007/2020 നമ്പർ ഉത്തരവ്

3) OA No.1103/2021 കേസിൻമേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 05/06/2023 തീയതിയിലെ ഇടക്കാല ഉത്തരവ്

4) വനിതാ ശിശുവികസന ഡയറക്ടറുടെ 27/06/2023 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

5) വനിതാ ശിശുവികസന ഡയറക്ടറുടെ 6/02/2024,08/07/2024 തീയതികളിലെ DWCD/2931/2022-E7 നമ്പർ ഉത്തരവുകൾ

**ഉത്തരവ് നം. DWCD/3431/2023-E7 തീയതി: 27-08-2024**

1) സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് സാമൂഹ്യനീതി വകുപ്പും വനിതാ ശിശുവികസന വകുപ്പും രൂപീകരിച്ച സാഹചര്യത്തിൽ ഇരു വകുപ്പുകൾക്കും പ്രത്യേകമായി വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതു വരെ ക്ഷേമ സ്ഥാപന സൂപ്രണ്ട് തസ്തികകളുടെ സ്ഥാനക്കയറ്റ വ്യവസ്ഥകൾ താൽക്കാലികമായി നിർണ്ണയിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം , ക്ഷേമ സ്ഥാപനങ്ങളിലെ സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിലേയ്ക്ക് ഫീഡർ കാറ്റഗറിയിലെ ജീവനക്കാരുടെ സംയുക്ത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും സ്ഥാനക്കയറ്റം നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

2) ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം,സീനിയിരിറ്റി ലിസ്റ്റ് ,ഉധ്യോഗക്കയറ്റ അനുപാതം എന്നിവയുമായി ബന്ധപ്പെട്ട് ഏതാനും ജീവനക്കാർ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിരുന്ന വിവിധ കേസുകളിൻമേൽ (OA 1668/21, OA.1103/21, OA 1477/21) ഉദ്യോഗക്കയറ്റത്തിനു നിലനിന്നിരുന്ന സ്റ്റേ ഒഴിവാക്കികൊണ്ട് അന്തിമവിധിന്യായത്തിന് അനുസൃതമായിരിക്കും നിയമനം എന്ന വ്യവസ്ഥ ഉൾപ്പെടുത്തികൊണ്ടും ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിന് അനുമതി നൽകികൊണ്ട് പരാമർശം(3) പ്രകാരം ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റ അടിസ്ഥാനത്തിൽ പരാമർശം(2) പ്രകാരമുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിലെ, ഉദ്യോഗക്കയറ്റത്തിന് യോഗ്യരായ സീനിയോരിറ്റി നം. (15) വരെയുള്ള പുരുഷ ജീവനക്കാർക്കും സീനിയോരിറ്റി നം. (47) വരെയുള്ള വനിതാ ജീവനക്കാർക്കും ഇതിനോടകം സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

3) പരാമർശം (5) ഉത്തരവ് പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയത് മുഖേനയും ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ നിന്ന് 3 ജീവനക്കാർ (ശ്രീമതി.സുഗന്ധി.എസ് -30/04/2024, ശ്രീമതി.ലീന.വി-31/05/2024,ശ്രീ.അബ്ദുൾ റഹിമാൻ പുതുക്കുടി-31/05/2024,) വിരമിച്ചത് മുഖേനയും ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ 10 ഒഴിവുകൾ നിലവിൽ

വന്നിട്ടുണ്ട്.

4)വകുപ്പിലെ വനിതകളുടെ ക്ഷേമ സ്ഥാപനങ്ങളിൽ ടി സ്ഥാപനങ്ങളിൽ വനിത ജീവനക്കാരെ മാത്രമേ നിയമിക്കാവൂവെന്നും പ്രസ്തുത നിയമനം കെ.എസ് & എസ്.എസ്.ആർ ചട്ടം 31 എ(1) പ്രകാരം തികച്ചും താൽക്കാലികം മാത്രമായിരിക്കുമെന്നും നിലവിലെ ചട്ടങ്ങൾ പ്രകാരം ടി ജീവനക്കാരുടെ സീനിയോരിറ്റി പ്രകാരമുള്ള അവസരം എത്തുമ്പോൾ മാത്രമേ റഗുലർ പ്രൊമോഷന് അർഹത ഉണ്ടായിരിക്കുകയുള്ളൂവെന്നും പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ, സീനിയറായ പുരുഷ ജീവനക്കാരെ ഒഴിവാക്കി ജൂനിയറായ വനിതാ ജീവനക്കാർക്ക് താൽക്കാലിക ഉദ്യോഗക്കയറ്റം അനുവദിക്കേണ്ടതുണ്ട്.

5)പരാമർശം(2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിലെ ശ്രീ.സിദ്ദിഖ്.പി.എം (സീനിയോരിറ്റി നം.1) ശൂന്യവേതനാവധി യിലായതിനാലും ശ്രീ.ജേക്കബ് തോമസ് (സീനിയോരിറ്റി നം..2) വിരമിച്ചതിനാലും ശ്രീ.സുരേഷൻ ബാലകിരിയനെ (സീനിയോരിറ്റി നം.13) സർവ്വീസിൽ നിന്ന് നീക്കം ചെയ്തിട്ടുള്ളതിനാലും ശ്രീ.ഷാനവാസ് .കെ.എ (സീനിയോരിറ്റി നം.14) യുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്തതിനാലും ശ്രീ.സുബൈർ നെല്ലങ്കര(സീനിയോരിറ്റി നം.18) ശ്രീമതി.ഗീത (സീനിയോരിറ്റി നം.35) എന്നീ ജീവനക്കാർ വിരമിച്ചതിനാലും ടി ജീവനക്കാരെ ഒഴിവാക്കിയും മേൽ ഖണ്ഡിക(4) ൽ വിവരിച്ചിട്ടുള്ളത് പ്രകാരം പുരുഷ ജീവനക്കാരെ ( സീനിയോരിറ്റി നം.(21),(22),(23),(24),(25),(26),(27),(31),(33),(34),(39),(40),(41),(43)(44) ) വനിതാ ക്ഷേമസ്ഥാപനങ്ങളിലെ ഉദ്യോഗക്കയറ്റം/നിയമനങ്ങളിൽ നിന്നും ഒഴിവാക്കിയും ചുവടെ പറയുന്ന ജീവനക്കാർക്ക് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ നിലവിലുള്ള 10 ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്.

| ക്രമ നമ്പർ | സീനിയോരിറ്റി നം. | ജീവനക്കാരന്റെ പേര് |
|---|---|---|
| 1 | 11 | ശ്രീ.അബ്ദുൾ ബഷീർ നീർമുണ്ട |
| 2 | 16 | ശ്രീ.സിദ്ദിഖ്.പി |
| 3 | 17 | ശ്രീ.രാജേഷ്.ജി |
| 4 | 19 | ശ്രീ.ഉണ്ണിമമ്മു.പി |
| 5 | 20 | ശ്രീ.ഷിബു.എസ് (ബഹു.പട്ടിക ജാതി/പട്ടിക വർഗ്ഗ പിന്നോക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ തുടരുന്നു) |
| 6 | 32 | ശ്രീമതി.സൗമ്യ.ആർ (WPO തസ്തികയിൽ താൽക്കാലിക നിയമനം- തുടരുന്നു) |
| 7 | 48 | ശ്രീമതി.നദീറ.റ്റി |
| 8 | 49 | ശ്രീമതി.സൈനബ എ.കെ |
| 9 | 50 | ശ്രീമതി.ഉഷാറാണി കെ |
| 10 | 51 | ശ്രീമതി.നിഷാ രാജ്.എം.എസ് |
| 11 | 52 | ശ്രീമതി ഗംഗ സുരേന്ദ്രൻ |
| 12 | 53 | ശ്രീമതി.സീമ.എസ് |

6) ഈ സാഹചര്യത്തിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന്

അർഹരായ മേൽ സൂചിപ്പിച്ചിട്ടുള്ള പുരുഷ ജീവനക്കാർക്ക് KS&SSR ചട്ടം 28A(i) പ്രകാരം 39300-83000 രൂപ ശമ്പള സ്കെയിലിൽ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചും വനിതാ ജീവനക്കാർക്ക് കെ.എസ് & എസ്.എസ്.ആർ ചട്ടം 31 എ(1) പ്രകാരം 39300-83000 രൂപ ശമ്പള സ്കെയിലിൽ താൽക്കാലികമായി ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചും ചുവടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേര്, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക,കാര്യാലയം | റിമാർക്ക്സ് |
|---|---|---|---|
| 1 | ശ്രീ.അബ്ദുൾ ബഷീർ നീർമുണ്ട കെയർടേക്കർ(മെയിൽ) ഗവ.ഒബ്സർവേഷൻ ഹോം (ബോയ്സ്) കോഴിക്കോട് | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ. ഗവ.ചിൽഡ്രൻസ് ഹോം. തൃശ്ശൂർ | |
| 2 | ശ്രീ.സിദ്ദിഖ്.പി കെയർടേക്കർ(മെയിൽ) ഗവ.ചിൽഡ്രൻസ് ഹോം വയനാട് | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ. ഗവ.ചിൽഡ്രൻസ് ഹോം, കോട്ടയം | |
| 3 | ശ്രീ.രാജേഷ്.ജി കെയർടേക്കർ(മെയിൽ) ഗവ.ചിൽഡ്രൻസ് ഹോം & സ്പെഷ്യൽ ഹോം, തിരുവനന്തപുരം | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ. ഗവ.ചിൽഡ്രൻസ് ഹോം, നൂറനാട് | |
| 4 | ശ്രീ.ഉണ്ണിമമ്മു.പി കെയർടേക്കർ(മെയിൽ) ഗവ.ചിൽഡ്രൻസ് ഹോം തൃശ്ശൂർ | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ. ഗവ.ഒബ്സർവേഷൻ ഹോം ആലപ്പുഴ | |
| 5 | ശ്രീ.ഷിബു.എസ് (ഡെപ്യൂട്ടേഷൻ) | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | ബഹു.പട്ടിക ജാതി/പട്ടിക വർഗ്ഗ പിന്നോക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ തുടരാൻ സർക്കാർ അംഗീകാരത്തിന് വിധേയമായി അനുവദിക്കുന്നു. |
| 6 | ശ്രീമതി.സൗമ്യ.ആർ (WPOതസ്തികയിൽ താൽക്കാലിക നിയമനം) | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III | WPO (ആലപ്പുഴ) തസ്തികയിലെ താൽക്കാലിക നിയമനം.- തുടരാൻ അനുവദിക്കുന്നു. |
| | ശ്രീമതി.നദീറ.റ്റി കെയർടേക്കർ(ഫീമെയിൽ) | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III | |

| | | | |
|---|---|---|---|
| 7 | ഗവ.ചിൽഡ്രൻസ് ഹോം (ഗേൾസ്).കണ്ണൂർ | ഗവ.മഹിളാ മന്ദിരം. കാസർഗോഡ് | |
| 8 | ശ്രീമതി.സൈനബ എ.കെ കെയർടേക്കർ(ഫീമെയിൽ) ഗവ.ചിൽഡ്രൻസ് ഹോം (ബോയ്സ്).കോഴിക്കോട് | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ. ഗവ.ചിൽഡ്രൻസ് ഹോം(ഗേൾസ്), കോഴിക്കോട് | |
| 9 | ശ്രീമതി.ഉഷാറാണി. കെ കെയർടേക്കർ(ഫീമെയിൽ) ഗവ.ചിൽഡ്രൻസ് ഹോം. കൊല്ലം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III ഗവ.മഹിളാ മന്ദിരം. കൊല്ലം | |
| 10 | ശ്രീമതി.നിഷാ രാജ്. എം.എസ് കെയർടേക്കർ(ഫീമെയിൽ) ഗവ.ചിൽഡ്രൻസ് ഹോം. മായിത്തറ | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III ഗവ.മഹിളാ മന്ദിരം. ആലപ്പുഴ | |
| 11 | ശ്രീമതി ഗംഗ സുരേന്ദ്രൻ കെയർടേക്കർ(ഫീമെയിൽ) ഗവ.ചിൽഡ്രൻസ് ഹോം & സ്പെഷ്യൽ ഹോം, തിരുവനന്തപുരം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III ഗവ.മഹിളാ മന്ദിരം, പാലക്കാട് | |
| 12 | ശ്രീമതി.സീമ.എസ് കെയർടേക്കർ(ഫീമെയിൽ) ഗവ.ചിൽഡ്രൻസ് ഹോം, കൊല്ലം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III ഗവ.മഹിളാ മന്ദിരം. മലപ്പുറം | |

7) ഈ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള ഉദ്യോഗക്കയറ്റം , ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA.1103/21 കേസുകളിൻമേലുള്ള അന്തിമ വിധിന്യായത്തിനനുസൃതമായിരിക്കും. ഉദ്യോഗക്കയറ്റം ലഭിച്ച തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റി,പ്രൊബേഷൻ തുടർ ഉദ്യോഗക്കയറ്റം എന്നിവയും മേൽ സൂചിപ്പിച്ചിട്ടുള്ള കേസിന്റെ അന്തിമ വിധിന്യായത്തിനനുസൃതമായിരിക്കും.

8) ഡി.ഡി.ഒ പ്രിവിലേജ് ഇല്ലാത്ത സ്ഥാപനങ്ങളിൽ ഡി.ഡി.ഒ ചുമതല നൽകിയിട്ടുള്ള ജീവനക്കാർ തുടർന്നും പ്രസ്തുത ചുമതല നിർവ്വഹിക്കേണ്ടതാണ്.

9) ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണയത്തിനും നിയമാനുസൃത പ്രവേശന കാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിട്ടുതൽ ചെയ്യേണ്ടതും. ജീവനക്കാരുടെ വിട്ടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1) ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും

2) എല്ലാ ക്ഷേമസ്ഥാപന സൂപ്രണ്ടുമാർക്കും

3) സൂപ്രണ്ട്.ഐ.റ്റി സെൽ-(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

4) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്